**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1789** — **29-09-2025 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥിനികളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഉന്നതവിദ്യാഭ്യാസ മേഖലയിൽ പെൺകുട്ടികളാണ് അധികമെങ്കിലും തൊഴിൽ ലഭ്യതയിൽ അവർ പിന്നാക്കം പോകുന്ന എന്ന വസ്തുത പഠനവിധേയമാക്കി അവരുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കാൻ പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉന്നതവിദ്യാഭ്യാസമേഖലയിൽ ക്യാമ്പസ് പ്ലേസ്മെന്റ് വഴി തെരഞ്ഞെടുക്കപ്പെടുന്നവരിൽ പെൺകുട്ടികളുടെ എണ്ണം ആൺകുട്ടികളുടേതിനേക്കാൾ ഒട്ടും കുറവല്ല. വിദ്യാർത്ഥിനികൾ തൊഴിലിനെക്കാൾ ഉപരിയായി ഉന്നതവിദ്യാഭ്യാസത്തിലേക്കും ഗവേഷണങ്ങളിലേക്കും തിരിയുന്ന പ്രവണത നിലവിലുണ്ട്. എന്നിരുന്നാലും പെൺകുട്ടികളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കാൻ എൻജിനീയറിങ് മേഖലയിൽ 2018 -ൽ കണ്ണൂർ എൻജിനീയറിങ് കോളേജിൽ Scheme for Her Empowerment in Engineering Education (SHE) എന്ന പദ്ധതി ആരംഭിക്കുകയും, തുടർന്ന് സംസ്ഥാനത്തുടനീളമുള്ള എല്ലാ സർക്കാർ എൻജിനീയറിങ് കോളേജുകളിലേക്കും പോളിടെക്നിക്കുകളിലേക്കും ടി പദ്ധതി വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ എൻജിനീയറിങ് പഠിക്കുന്ന പെൺകുട്ടികൾ, എൻജിനീയർമാരാകാൻ ആഗ്രഹിക്കുന്ന പെൺകുട്ടികൾ, ഇതിനകം എൻജിനീയറിങ് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾ എന്നിങ്ങനെ മൂന്നു ഗ്രൂപ്പുകളെ ലക്ഷ്യം വെച്ചാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. പരിശീലന പരിപാടികൾ, വിദഗ്ധരുമായുള്ള ആശയവിനിമയം, മെന്റർഷിപ്പ് സംരംഭങ്ങൾ എന്നിവ ഈ പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ചുവരുന്നു. ഇവയിലൂടെ സ്ത്രീ ശാക്തീകരണത്തിനുള്ള ഒരു ജൈവാന്തരീക്ഷം സൃഷ്ടിക്കാനും, തൊഴിലവസരങ്ങളെയും നൂതന സാങ്കേതികവിദ്യകളെയും കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കാനും, തൊഴിൽ മേഖലയിൽ ഉയർന്നുവരുന്ന വെല്ലുവിളികളെ ഏറ്റെടുക്കാനും വനിതാ എഞ്ചിനീയർമാരെ പ്രാപ്തരാക്കുന്നു.<br><br>പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും ഒരുപോലെ ഗുണനിലവാരമുള്ള സാങ്കേതിക പ്രൊഫഷണൽ വിദ്യാഭ്യാസം നൽകുന്ന നടപടിയാണ് സർക്കാർ നിലവിൽ സ്വീകരിച്ചുവരുന്നത്. അതിൻപ്രകാരം |

| | | | |
|---|---|---|---|
| | | | കോളേജ് വിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ വനിതാ വിദ്യാർത്ഥികൾക്കു കൂടി അവസരം ലഭിക്കത്തക്ക രീതിയിൽ സർക്കാർ കോളേജുകളിൽ പഠനത്തോടൊപ്പം തൊഴിൽ നൈപുണ്യം, സമ്പാദ്യശീലം എന്നിവ വികസിപ്പിക്കുന്നതിന് "Earn While You Learn" പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം Stitching & fashion designing, Food processing, Organic farming, Handicrafts and jewellery making, manufacturing of hand wash, detergents and toiletries making, LED bulb manufacturing and repair മുതലായ മേഖലകളിൽ പരിശീലനം നൽകുകയും അതിലൂടെ തൊഴിൽ നൈപുണ്യം വളർത്തിയെടുക്കുന്നതിനും, പഠനത്തോടൊപ്പം സമ്പാദ്യശീലം വളർത്തിയെടുക്കുന്നതിനുമുള്ള അവസരം വിദ്യാർത്ഥികൾക്ക് ലഭിക്കുന്നുണ്ട്.<br><br>അസാപ് കേരള 350-ലധികം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ചേർന്ന് സെന്റർ ഫോർ സ്കിൽ ഡെവലപ്പ്മെന്റ് കോഴ്സസ് ആൻഡ് കരിയർ പ്ലാനിംഗ് സ്ഥാപിക്കുന്നതിന് ധാരണാപത്രം ഒപ്പു വെച്ചിട്ടുണ്ട്. പ്രസ്തുത കേന്ദ്രങ്ങൾ, പഠനത്തോടൊപ്പം തന്നെ തൊഴിൽ മേഖലയിൽ വിജയം കൈവരിക്കാനാവശ്യമായ നൈപുണ്യ പരിശീലനം നേടാനും മികച്ച തൊഴിലിലേക്കെത്തിപ്പെടാനും വിദ്യാർത്ഥികൾക്ക് അവസരമൊരുക്കുന്നു. കൂടാതെ അസാപ് കേരള, വനിതാ-ശിശുക്ഷേമ വകുപ്പുമായി ചേർന്ന് വിദ്യാർത്ഥിനികൾക്കും സ്ത്രീകൾക്കും തൊഴിൽ നൈപുണ്യ വികസനത്തിനായുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും തൊഴിൽ ലഭിക്കുന്നതിന് സഹായം ഉറപ്പാക്കുകയും ചെയ്യുന്നു. വനിതാ വിദ്യാർത്ഥികളുടെ നൈപുണ്യശേഷി വികസിപ്പിച്ച് അവരെ തൊഴിൽമേഖലയ്ക്ക് അനുയോജ്യരാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് സ്കിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുമുണ്ട്.<br><br>കേരള സർവകലാശാല KUBIIC എന്ന ഇൻക്യുബേഷൻ സെന്റർ, പ്ലെയ്സ്മെന്റ് സെൽ, ഫിനിഷിംഗ് സ്കൂൾ എന്നിവ മുഖേന വിദ്യാർത്ഥികളുടെ തൊഴിൽശേഷി വികസനത്തിൽ പരിശീലനം നടത്തിവരുന്നു. |
| (ബി) | സംസ്ഥാനത്തെ വനിതാ വിദ്യാർത്ഥികളുടെ നൈപുണ്യശേഷി വികസിപ്പിച്ച് അവരെ തൊഴിൽ മേഖലയ്ക്ക് അനുയോജ്യരാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | (ബി) | (എ) -യിൽ മറുപടി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ